# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1029** 30.11.2018 -ലെ മറുപടി

### പ്രളയത്തെ തുടർന്ന് ജലസേചന ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>" ടി.എ.അഹമ്മദ് കബീർ<br>" പി.കെ.അബ്ദു റബ്ബ്<br>" സി.മമ്മൂട്ടി | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പ്രളയത്തെ തുടർന്ന് ജലസേചന ഡാമുകളിൽ മണലും ചെളിയും അടിഞ്ഞുകൂടിയത് നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന മണലും ചെളിയും നീക്കി സംഭരണ ശേഷി വർദ്ധിപ്പിച്ച് പൂർവ്വ രൂപത്തിലാക്കുവാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26.09.2017-)0 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്)നം.79/2017/ജവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇതിൻ പ്രകാരം പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡിസിൽറ്റിംഗ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത് പ്രസ്തുത പ്രവർത്തികളുടെ അംഗീകാരത്തിന് വിധേയമായി പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളുടെയും ഡിസിൽറ്റേഷൻ നടത്തുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഇത് വാണിജ്യാടിസ്ഥാനത്തിൽ വാരിയെടുത്ത് സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) ഡാമുകളിൽ നിന്നും മണലും എക്കലും നീക്കുവാനുള്ള കരാർ work contract method, turnkey method എന്നീ അടിസ്ഥാനത്തിലുമാണ് കരാർ നൽകുവാൻ തീരുമാനിച്ചിരിക്കുന്നത്. work contract |

പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും ഘടകങ്ങൾ വേർതിരിക്കുന്നതിനുമുള്ള പ്രവർത്തിയ്ക്കായിട്ടാണ് ടെണ്ടർ ചെയ്യുക. വേർതിരിച്ച് കിട്ടുന്ന മണൽ, എക്കൽ എന്നിവ റവന്യൂ അധികാരികൾക്ക് കൈമാറുന്നതാണ്. turnkey method പ്രകാരം ടെണ്ടർ ചെയ്യുമ്പോൾ SOP പ്രകാരം മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും വേർതിരിക്കുന്നതിനും വേർതിരിച്ച കിട്ടുന്നവ ടെണ്ടർ എടുക്കുന്നയാൾതന്നെ ലേലം ചെയ്യുന്ന തുമാണ്. ഇതുവഴി സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാകുന്നതാണ്.

(സി) ഇതിലൂടെ എന്ത് തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

(സി) പ്രവൃത്തികൾ നടപ്പിലാക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടേയുള്ളൂ. പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയാണ് ഏത് പദ്ധതി ഏത് തരത്തിൽ കരാർ ചെയ്യണമെന്ന് തീരുമാനിക്കുന്നത്. പ്രസ്തുത സമിതിയുടെ അംഗീകാരം ലഭ്യമായാൽ മാത്രമേ തുക വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**